(എ) കാസർഗോഡ് ജില്ലയിൽ ആരോഗ്യവകുപ്പിൽ വർക്കിംഗ് അറേഞ്ച്മെന്റിൽ ജോലി ചെയ്യുന്ന ജീവനക്കാരെത്രയാണെന്ന് വിശദമാക്കുമോ ;

(ബി) ശമ്പളം കാസർഗോഡ് ജില്ലയിലും ജോലി മറ്റൊരുജില്ലയിലും ആകുമ്പോൾ ഉണ്ടാകുന്ന ബുദ്ധിമുട്ടുകളും പ്രയാസങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) കാസർഗോഡ് ജനറൽ ആശുപത്രിയിലെ ഏത് ഡോക്ടറെയാണ് വർക്കിംഗ് അറേഞ്ച്മെന്റിൽ മറ്റൊരു ജില്ലയിൽ നിയമിച്ചിട്ടുള്ളത് ; പകരം മറ്റൊരു ആളെ നിയമിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ഡോക്ടറുടെ സേവനം ലഭിക്കാത്തതുകൊണ്ട് പ്രയാസപ്പെടുന്ന രോഗികളുടെ ദുരിതം ഇല്ലാതാക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ ആരോഗ്യവകുപ്പിൽ വർക്കിംഗ് അറേഞ്ച്മെന്റിൽ ആരുംതന്നെ ജോലി ചെയ്യുന്നില്ല. എന്നാൽ കാസർഗോഡ് ജില്ലയിൽനിന്നും ആരോഗ്യവകുപ്പിൽ വർക്കിംഗ് അറേഞ്ച്മെന്റിൽ മൂന്ന് ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്.

1. ഡോ. മുരളീധരൻ-ഡെന്റൽ സിവിൽ സർജൻ, ജനറൽ ആശുപത്രി കാസർഗോഡ്

2. ഡോ. പ്രശാന്ത് ജി.എൽ.-താലൂക്ക് ആശുപത്രി-നീലേശ്വരം

3. നെഴ്സിംഗ് ട്യൂട്ടർ-ഗവൺമെന്റ് സ്കൂൾ ഓഫ് നെഴ്സിംഗ്-കാസർഗോഡ്

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) കാസർഗോഡ് ജനറൽ ആശുപത്രിയിലെ ഡെന്റൽ സിവിൽ സർജനായ ഡോ. മുരളീധരനെയാണ് വർക്കിംഗ് അറേഞ്ച്മെന്റിൽ മറ്റൊരു ജില്ലയിൽ നിയമിച്ചിട്ടുള്ളത്. പകരം കാസർഗോഡ് ജനറൽ ആശുപത്രിയിലെ ദന്തൽ വിഭാഗത്തിൽ ആശുപത്രി മാനേജ്മെന്റ് സമിതി ഒരു ഡെന്റൽ സർജനെ നിയമിച്ചിരുന്നു. നിലവിൽ ഫണ്ടിന്റെ അപര്യാപ്തതമൂലം പ്രസ്തുത രീതിയിലുള്ള തുടർനിയമനം നടത്തിയിട്ടില്ല.

അനാവശ്യമായി ഹിസ്റ്റെരിക്ടമി ചെയ്യുന്നത് സംബന്ധിച്ച പഠനം

61 (2270) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) ഇന്ത്യയിലെ ഗ്രാമീണ മേഖലകളിൽ ഗർഭാശയവും അണ്ഡാശയവും അനാവശ്യമായി നീക്കംചെയ്യുന്ന പ്രവണത വർദ്ധിച്ചുവരുന്നതായി നാഷണൽ ഫാമിലി ആന്റ് ഹെൽത്ത് സർവ്വേയിൽ വ്യക്തമാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസവത്തിനുശേഷം ഗർഭപാത്രം നീക്കംചെയ്യുന്ന ഹിസ്റ്റരെക്ടമിക് ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്ന സ്ത്രീകളുടെ എണ്ണം കേരളത്തിൽ എത്രയാണ് ; ഇതു സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ഏതെങ്കിലും തരത്തിലുള്ള പഠനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) 2011-നു ശേഷം ഫാമിലി ആന്റ് ഹെൽത്ത് സർവ്വേ റിപ്പോർട്ടുകൾ ഒന്നും തന്നെ പ്രസിദ്ധീകരിച്ചിട്ടില്ല. അതുകൊണ്ട് ഗർഭാശയവും അണ്ഡാശയവും അനാവശ്യമായി നീക്കംചെയ്യുന്നത് സംബന്ധിച്ച് പുതിയ റിപ്പോർട്ടുകൾ ഒന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇതു സംബന്ധമായ കണക്കുകൾ ആരോഗ്യവകുപ്പ് ശേഖരിക്കുകയോ പ്രത്യേക പഠനങ്ങൾ നടത്തുകയോ ചെയ്തിട്ടില്ല. ഇതു സംബന്ധിച്ച പഠനം നടത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

അന്യസംസ്ഥാന തൊഴിലാളികൾക്ക് മെഡിക്കൽ പരിശോധന വൈറ്റമിൻ എ വിതരണം

62 (2271) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്യസംസ്ഥാനത്തുനിന്ന് കേരളത്തിലേക്ക് എത്തുന്ന തൊഴിലാളികൾ പലതരത്തിലുള്ള മാരകമായ രോഗങ്ങൾ പരത്തുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതിനെതിരെ സ്വീകരിക്കാൻ പോകുന്ന നടപടികളെന്തെന്ന് വ്യക്തമാക്കാമോ ;

(ബി) അന്യസംസ്ഥാനത്തുനിന്ന് എത്തുന്ന തൊഴിലാളികളെ മെഡിക്കൽ പരിശോധന നടത്തി പല വിധത്തിലുള്ള അസുഖങ്ങളുണ്ടോ എന്ന് അറിയുന്നതിന് എന്തെങ്കിലും സംവിധാനം നടപ്പാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇതിന്റെ ഗൗരവം മനസ്സിലാക്കി പ്രസ്തുത തൊഴിലാളികളെ മെഡിക്കൽ പരിശോധനയ്ക്ക് വിധേയമാക്കാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly